**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399** **08-06-2021 - ൽ മറുപടിയ്ക്ക്**

**യുവ സംരംഭകർക്കുള്ള പ്രോത്സാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എച്ച്. സലാം | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ തയ്യാറായി എത്തുന്ന യുവ സംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ എത്തുന്ന യുവസംരംഭകർക്ക് വേണ്ടി വ്യവസായ വാണിജ്യ വകുപ്പ് മുഖേന ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും എറണാകുളം കളമശ്ശേരിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻടപ്രണർഷിപ്പ് ഡെവലപ്മെന്റിന്റെ (കീഡ്) നേതൃത്വത്തിലും സംരംഭകത്വത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ സംരംഭകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുള്ള മെഷീനറി എക്സ്പോ, ബാങ്കുകളിൽ നിന്നും മറ്റും ഉള്ള സേവനങ്ങൾ സുഗമാക്കാൻ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയും നടത്തി വരുന്നുണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയിലൂടെയും യുവ സംരംഭകർക്ക് പ്രോൽസാഹനവും സഹായവും അനുവദിക്കുന്നുണ്ട്. ഇതു കൂടാതെ കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ. എസ്. ഐ.ഡി.സി. ധനസഹായ പദ്ധതിയായ പ്രാരംഭമൂലധന സഹായം(സീഡ് ഫണ്ട് സഹായം) നടപ്പിലാക്കി വരുന്നുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും |

| | | | |
|---|---|---|---|
| | | | കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി. യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. |
| (ബി) | സംസ്ഥാനത്ത് സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ എത്തുന്ന യുവസംരംഭകർക്ക് വേണ്ടി വ്യവസായ വാണിജ്യ വകുപ്പ് മുഖേന ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും എറണാകുളം കളമശ്ശേരിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻടപ്രണർഷിപ്പ് ഡെവലപ്മെന്റിന്റെ (കീഡ്) നേതൃത്വത്തിലും സംരംഭകത്വത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ സംരംഭകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുള്ള മെഷീനറി എക്സ്പോ, ബാങ്കുകളിൽ നിന്നും മറ്റും ഉള്ള സേവനങ്ങൾ സുഗമാക്കാൻ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയും നടത്തി വരുന്നുണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയിലൂടെയും യുവ സംരംഭകർക്ക് പ്രോൽസാഹനവും സഹായവും അനുവദിക്കുന്നുണ്ട്. ഇതു കൂടാതെ കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ. എസ്. ഐ.ഡി.സി. ധനസഹായ പദ്ധതിയായ |

| | | | |
|---|---|---|---|
| | | | പ്രാരംഭമൂലധന സഹായം(സീഡ് ഫണ്ട് സഹായം) നടപ്പിലാക്കി വരുന്നുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി. യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. |
| (സി) | പുതിയ സംരംഭകർക്ക് സഹായകരമാകുന്ന രീതിയിൽ വ്യവസായ വകുപ്പിന്റെ സേവനങ്ങൾ നിലവിൽ ഏകജാലകമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്. 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് എല്ലാവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. 2012 മുതൽ നടപ്പിലാക്കി വരുന്ന വ്യവസായ വകുപ്പിന്റെ ഏറ്റവും സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതി ഏകജാലക സംവിധാനവുമായി ഏകോപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ